# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 12.12.2018-ൽ മറുപടിക്ക്

നമ്പർ.3831

**കണ്ണൂർ ജില്ലയിലെ എൽ. പി.എസ്.ടി., യു.പി.എസ്.ടി. റാങ്ക് ലിസ്റ്റ്**

ചോദ്യം — ഉത്തരം

ശ്രീ. റ്റി.വി.രാജേഷ് — പിണറായി വിജയൻ, മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും പൂർത്തിയായിട്ടും കണ്ണൂർ ജില്ലയിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | കണ്ണൂർ ജില്ലയിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി. നിയമനത്തിനുള്ള എത്ര ഒഴിവുകൾ ഇതുവരെയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | എൽ.പി.എസ്.ടി യുടെ 160 ഉം, യു.പി.എസ്.ടി. യുടെ 76 ഒഴിവുകളും പി.എസ്..സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ